(എ) പെരുവംമൂഴി പാലം പണിതീർന്ന സാഹചര്യത്തിൽ പെരുവംമൂഴി, രാമമംഗലം, മാമലശ്ശേരി, കക്കാട്, പിറവം പെരുവ, കടുത്തുരുത്തി റോഡ് വീതികൂട്ടി സ്റ്റേറ്റ് ഹൈവേ ആക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ റോഡ് സ്റ്റേറ്റ് ഹൈവേ ആക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്നും കാലടി പെരുവംമൂഴി വഴി ഏറ്റുമാനൂർ എത്തിച്ചേരുന്നതിന് ഈ റോഡ് ഏറ്റവും പ്രയോജനകരമാണ് എന്നുള്ളത് കണക്കിലെടുത്ത് പ്രസ്തുത റോഡിന്റെ വികസനം ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) നിർദ്ദേശം നിലവിലുണ്ട്.

(ബി) വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

114 (1332) സ്റ്റേറ്റ് ഹൈവേകൾ

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്റ്റേറ്റ് ഹൈവേകൾ ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്; ഇതു കടന്നുപോകുന്ന പ്രദേശങ്ങൾ ഏതെല്ലാം; ഓരോ റോഡിന്റേയും മതിപ്പ് ചെലവ് എത്രയാണ്;

(ബി) പ്രഖ്യാപിച്ച ഹൈവേകളിൽ അനന്തരനടപടികൾ എന്തെല്ലാം പൂർത്തിയാക്കിയിട്ടുണ്ട്;

(സി) ഈ റോഡുകളുടെ പണി ഏതെല്ലാം പ്രദേശങ്ങളിൽ ആരംഭിച്ചിട്ടുണ്ട്; എത്രത്തോളം പൂർത്തീകരിച്ചിട്ടുണ്ട്; എന്നത്തേയ്ക്ക് ഈ ഹൈവേകൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇരുപത്തിരണ്ട് മേജർ ജില്ലാതല റോഡുകളെ സ്റ്റേറ്റ് ഹൈവേകളായി പ്രഖ്യാപിച്ചിട്ടുണ്ട്. അവയുടെ മതിപ്പു ചെലവൊന്നും പ്രത്യേകം കണക്കാക്കിയിട്ടില്ല. റോഡുകളുടെ പേരും അവ കടന്നുപോകുന്ന സ്ഥലങ്ങളും അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.†

(ബി) സ്റ്റേറ്റ് ഹൈവേകളായി പ്രഖ്യാപിക്കപ്പെട്ട റോഡുകളിൽ ഓർഡിനറി റിപ്പയേഴ്സ്, റിന്യൂവൽ പ്രോഗ്രാം, സ്പെഷ്യൽ റിപ്പയർ, ട്രാഫിക് സേഫ്ടി, ചീഫ് എഞ്ചിനീയറുടെ അടങ്കൽത്തുക ഈ വകയിൽ ചാർജ്ജ് ചെയ്ത പണികൾ, ബഡ്ജറ്റിൽ മതിയായ പ്രൊവിഷൻ ലഭിച്ചിട്ടുള്ള പണികൾ എന്നിവ ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അനുബന്ധം-2 ൽ കൊടുത്തിരിക്കുന്നു.† ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിശ്ചയിച്ച കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാൻ ശ്രമിച്ചുവരുന്നു.

115 (1333) റബ്ബറൈസ്ഡ് ബിറ്റുമിന്റെ ഉൽപ്പാദനം

ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ്ജ് :
ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറൈസ്ഡ് ബിറ്റുമിന്റെ ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഈ വർഷം എത്ര ടൺ ബിറ്റുമിനാണ് ഉൽപ്പാദിപ്പിക്കപ്പെടുകയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബിറ്റുമിൻ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) മറ്റ് സംസ്ഥാനങ്ങളിലേയ്ക്കു കൂടി ഇതിന്റെ ഉപയോഗം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചതായി അറിയുമോ;

(ഇ) ഇതിന്റെ ഭാഗമായി വിവിധ സംസ്ഥാനങ്ങളിലെ പൊതുമരാമത്തു വകുപ്പുമന്ത്രിമാരുടെ യോഗം വിളിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) വാണിജ്യാടിസ്ഥാനത്തിൽ റബ്ബറൈസ്ഡ് ബിറ്റുമിന്റെ ഉൽപ്പാദനം കൊച്ചിൻ റിഫൈനറീസ് ലിമിറ്റഡിൽ ആരംഭിച്ചിട്ടുണ്ട്.

(സി) കോട്ടയത്ത് സെൻട്രൽ ജംഗ്ഷൻ മുതൽ ഒരു കിലോമീറ്റർ ദൂരം റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ച് പുനരുദ്ധരിച്ചുകഴിഞ്ഞു. മറ്റു റോഡുകളിലും ഘട്ടംഘട്ടമായി റബ്ബറൈസേഷൻ നടപ്പിൽവരുത്താനാണ് ഉദ്ദേശിക്കുന്നത്.

(ഡി)&(ഇ) റബ്ബറൈസേഷൻ മറ്റു സംസ്ഥാനങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കുകയെന്ന ഉദ്ദേശത്തോടുകൂടി തെക്കൻ സംസ്ഥാനങ്ങളിലെ പൊതുമരാമത്ത് വകുപ്പുമന്ത്രിമാരുടെ ഒരു യോഗം കോട്ടയത്തു നടത്താൻ തീരുമാനിച്ചിരുന്നു. എന്നാൽ അപ്രതീക്ഷിതമായ കാരണങ്ങളാൽ ചിലർക്ക് യോഗത്തിൽ പങ്കെടുക്കുവാൻ കഴിയാത്തതുകാരണം യോഗം മാറ്റിവയ്ക്കേണ്ടിവന്നു. എന്നാൽ ഉദ്യോഗതലത്തിലുള്ള യോഗം കോട്ടയത്തുവച്ച് ഡിസംബർ 10-ാം തീയതി നടത്തുകയുണ്ടായി.

116 (1334) റബ്ബറൈസേഷൻ വിഭാഗം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ :
ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1093/2010.

LIBRARY ARCHIVES Kerala Legislative Assembly